## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.686 | 28/02/2017-ൽ മറുപടിക്ക്

## വിളവൂർക്കൽ കേന്ദ്രീകരിച്ച് കെ. എസ്. ഇ. ബി. സബ് സെന്റർ

| | ചോദ്യം<br><br>**ശ്രീ.ഐ.ബി. സതീഷ്** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിലെ പേയാട് സബ് സെന്ററിൽ ഉപഭോക്താക്കൾ കൂടുതലായതിനാൽ വിളവൂർക്കൽ കേന്ദ്രീകരിച്ച് കെ. എസ്. ഇ. ബി. സബ് സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ; | (എ)<br>&<br>(ബി) | വിളവൂർക്കൽ കേന്ദ്രീകരിച്ച് സബ് സെന്ററിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല. നിലവിലുള്ള പേയാട്, മലയിൻകീഴ് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് വിളവൂർക്കൽ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പേയാട്, മലയിൻകീഴ് എന്നീ സെക്ഷനുകളുടെ കാര്യത്തിൽ നിലവിൽ പാലിക്കപ്പെടുന്നില്ല.<br>പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ |
| (ബി) | ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഉള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം ബോർഡ് പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ